DESPATCHED
On...24/5/22...

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP.No.1788 (1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**
**File No. 15595/SIC-G4/2021)**
**സന്നിഹിതൻ**
ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 മേയ് 18

ശ്രീ. ടി. ആർ. അഴകപ്പൻ,
തകിടിയേൽ, കട്ടച്ചിറ പി.ഒ.,
കോട്ടയം -686 572. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ,
സഹകരണ ആഡിറ്റ് അസിസ്റ്റന്റ്
ഡയറക്ടറാഫീസ്, മീനച്ചിൽ,
പാലാ, കോട്ടയം.

2. അപ്പീൽ അധികാരി &,
ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ,
സഹകരണ ആഡിറ്റ് അസിസ്റ്റന്റ്
ഡയറക്ടറാഫീസ്, മീനച്ചിൽ,
പാലാ, കോട്ടയം.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി 22.2.2022-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ, രണ്ടാം എതിർകക്ഷി സ്പീക്കിംഗ് ഓർഡറായി അപ്പീൽ തീർപ്പാക്കത്തതിന്റെയും പ്രത്യേക കാരണങ്ങളില്ലാതെ അപ്പീൽ തീർപ്പാക്കുന്നതിന് 30 ദിവസത്തിലധികം കാലതാമസം എടുത്തതിന്റെയും അപ്പീൽ തീർപ്പിൽ അപ്പീൽ കാലാവധി. രണ്ടാം അപ്പീൽ അധികാരിയുടെ വിലാസം എന്നിവ രേഖപ്പെടുത്താതെ മറുപടി നൽകിയതിലും കമ്മീഷൻ രണ്ടാം എതിർകക്ഷിയുടെ വിശദീകരണം തേടിയിരുന്നു. ആയത് പ്രകാരം രണ്ടാം എതിർകക്ഷി കമ്മീഷനിൽ ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, 31.8.2021ന് ലഭിച്ച അപ്പീലിന് 6.10.2021-ന് അപേക്ഷകൻ ആവശ്യപ്പെട്ടിരുന്ന രേഖകളുടെ പകർപ്പുകൾ സഹിതം മറുപടി നൽകിയിട്ടുണ്ടെന്നും വിവരാവകാശ നിയമം 19(6) വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം 45 ദിവസത്തിനുള്ളിൽ തന്നെ മറുപടി നൽകിയിട്ടുണ്ടെന്നും ആയതിൽ കാലതാമസമോ വീഴ്ചയോ വരുത്തിയിട്ടില്ലെന്നുമാണ്. ടി വിശദീകരണം പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. സാധാരണഗതിയിൽ 30 ദിവസത്തിനുള്ളിലും പ്രത്യേക സാഹചര്യത്തിൽ 45 ദിവസത്തിനകവും അപ്പീൽ തീർപ്പാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ 30 ദിവസത്തിൽ കൂടുതൽ എടുത്തതിനുള്ള പ്രത്യേക സാഹചര്യമെന്തെന്നും, അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി എന്നിവ

എന്തുകൊണ്ട് രേഖപ്പെടുത്താതെ മറുപടി നൽകി എന്നതിലും യാതൊരു വിശദീകരണവും രണ്ടാം എതിർകക്ഷി ലഭ്യമാക്കിയ വിശദീകരണത്തിൽ പരാമർശിച്ചിട്ടില്ല. ആയതിനാൽ, ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്ത് ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കരുതെന്ന് കർശന നിർദ്ദേശം രണ്ടാം എതിർകക്ഷിക്ക് നൽകി കൊണ്ട് ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2022 മേയ് 18-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്

**ഡോ.വിശ്വാസ് മേത്ത**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION

Shi